**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 536** **17-09-2025 - ൽ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർ മരണമടഞ്ഞാൽ ആശ്രിതർക്ക ആശ്വാസ ധനസഹായം നൽകുന്നതിന് പദ്ധതിയുണ്ടോ; | (എ) | 31.08.2016 തീയതിയിലെ സ.ഉ.(പി) നം.126/2016/ധന, 08.11.2017 തീയതിയിലെ സ.ഉ.(പി)നം.141/2017/ധന, 23.06.2018 തീയതിയിലെ സ.ഉ.(പി)നം.97/2018/ധന, 31.03.2019 തീയതിയിലെ സ.ഉ.(പി) നം.41/2019/ധന എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാന സർവ്വീസിൽ ദേശീയപെൻഷൻ പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തൊഴിൽ ലഭിക്കുന്നത് വരെ ആശ്വാസ ധനസഹായം അനുവദിച്ച വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ധനസഹായം നൽകുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദേശീയപെൻഷൻ പദ്ധതിയിൽ അംഗമായ ശേഷം മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടില്ല. |
| (സി) | ആശ്വാസ ധനസഹായം നൽകുന്നതിനു കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കുമോ? | (സി) | ആശ്വാസ ധനസഹായം നൽകുന്നതിന് കാലതാമസം വന്നതായ കാര്യം സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ